# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 950

**08/01/2014 - ൽ മറുപടിക്ക്**

### കൊല്ലം-കോട്ടപ്പുറം ജലപാത നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്: | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കൊല്ലം-കോട്ടപ്പുറം ജലപാതയുടെ നിർമ്മാണം ഈ വർഷംതന്നെ പൂർത്തിയാക്കുമെന്ന കഴിഞ്ഞ ബഡ്ജറ്റ് പ്രഖ്യാപനം ഇതുവരെ നടപ്പാക്കിയിട്ടില്ലായെന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. ദേശീയ ജലപാതയുടെ നിർമ്മാണത്തിന്റെ പൂർണ്ണ ചുമതല കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർ വെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI)യ്ക്കാകുന്നു. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ദേശീയ ജലപാത നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും സ്വീകരിക്കേണ്ട നടപടികൾ IWAI അധികൃതർ ആവശ്യപ്പെടുന്ന പ്രകാരം സംസ്ഥാനസർക്കാർ സ്വീകരിച്ചുവരുന്നു. |
| ബി) മുൻസർക്കാരിന്റെ കാലത്ത് പ്രസ്തുത പ്രവൃത്തി എവിടെയെല്ലാം എത്ര കിലോമീറ്റർ നടപ്പാക്കിയിരുന്നുവെന്ന് വ്യക്തമാക്കുമോ;<br>(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ പ്രവൃത്തിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) & (സി) | കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പൂർണ്ണമായും മേൽ നോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർ വെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ ആണ്. കേന്ദ്ര സർക്കാർ പദ്ധതിയിൽ കേന്ദ്ര സർക്കാർ ഏജൻസിയുടെ മേൽനോട്ടത്തിൽ ചെയ്യപ്പെടുന്ന പ്രവൃത്തികളുടെ വിവരങ്ങൾ സംസ്ഥാനത്ത് മാറിമാറി വരുന്ന സർക്കാരുകളുടെ ഭരണകാലഘട്ടവുമായി ബന്ധിപ്പിച്ച് രേഖപ്പെടുത്തി വയ്ക്കാറില്ലായെന്ന് IWAI കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം മുഖേന അറിയിച്ചിട്ടുണ്ട്. അതിനാൽ സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ വിവരങ്ങൾ നൽകുവാൻ നിർവ്വാഹമില്ല. |

(ഡി) പ്രസ്തുത ജലപാത സാക്ഷാത്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും സ്വീകരിക്കേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ